/79388/2022

**<u>തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ</u>**

**<u>ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം</u>**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്-കൊട്ടിയൂർ വില്ലേജ്- റീ.സ.നമ്പർ 2502/107, 2502/106 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായ സാധ്യതാ ഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ.മുത്തനാട്ട് സണ്ണി , മുത്തനാട്ട് സിനി, മുത്തനാട്ട് ഹൗസ്, കൊട്ടിയൂർ പി.ഒ-670651 എന്നിവർ 06/12/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1224/2022-C** **തീയതി 19-12-2022**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ , കൊട്ടിയൂർ വില്ലേജിൽ റി. സ. നമ്പർ **2502/107, 2502/106** ൽ സ്ഥിതി ചെയ്യുന്ന 12,477 ച.മീ മൊത്തം വിസ്തീർണ്ണമുള്ള പ്ലോട്ടിൽ, നിലവിലുള്ള 120 ച.മീ വിസ്തീർണ്ണമുള്ള ഇരുനില വാണിജ്യകെട്ടിടവും, 130 ച.മീ വിസ്തീർണ്ണമുള്ള ഒരുനില വാണിജ്യകെട്ടിടവും, 220 ച.മീ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹത്തിനും പുറമേ, ടി പ്ലോട്ടിൽ പെട്രോൾ പമ്പിനായി വിഭാവനം ചെയ്തിട്ടുള്ള 1155 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ഐ അപായസാധ്യതാ ഗണത്തിൽ ഉൾപ്പെടുന്ന 244.76ച.മീ വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീറ്റെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന്(സെയിൽസ് ബിൽഡിംഗ് -27.21 ച.മീ, കനോപി-204.60 ച.മീ, ടോയിലെറ്റ് ബ്ലോക്ക്-12.95 ച.മീ) ലേ ഔട്ട് അനുമതിക്കായി ശ്രീ.മുത്തനാട്ട് സണ്ണി , മുത്തനാട്ട് സിനി, മുത്തനാട്ട് ഹൗസ്, കൊട്ടിയൂർ പി.ഒ-670651 എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. KPBR-2019 ചട്ടം 5(4) പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019-നും, അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1),(3) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, urban forestry എന്നിവ ഏർപ്പെടുത്തേണ്ടതാണ്
5. KPBR-2019 ചട്ടം 42(3),(4) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത disabled toilet, ടോയിലെറ്റിലേക്കുള്ള റാമ്പ്(1 in 12 slope) എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
6. KPBR-2019 ചട്ടം 34(3)(3) പ്രകാരം കെട്ടിടത്തിൽ വിഭാവനം ചെയ്ത ശുചീകരണ സംവിധാനങ്ങൾ സന്ദർശകർക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക
7. 07/10/2022 തീയ്യതിയിലെ 3449 നമ്പർ കേരള സർക്കാർ ഗസറ്റ് പ്രകാരം മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ എയർപോർട്ട് അനുബന്ധ റോഡ് നാലുവരിയായി

I/79388/2022

വികസിപ്പിക്കുന്നതിനാൽ ആയതിൽ നിന്നും ആവശ്യമായ ദൂരം പാലിക്കുന്നതായി സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

എൽ. എ നമ്പർ 73/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നനുള്ള അനുമതി അല്ല കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ/ .സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ - 670 002, തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്

1) ശ്രീ.മുത്തനാട്ട് സണ്ണി , മുത്തനാട്ട് ഹൗസ്, കൊട്ടിയൂർ.പി.ഒ-670651
2) ഫയൽ 3) കരുതൽ ഫയൽ